# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3343** **26-06-2024 - ൽ മറുപടിയ്ക്ക്**

### യു.പി.എസ്.ടി അധ്യാപക തസ്തിക നിർണയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2023-24 വർഷത്തെ യു.പി.എസ്.ടി. അധ്യാപക തസ്തിക നിർണ്ണയം പൂർത്തിയാക്കി നാളിതുവരെ അധിക തസ്തികകൾ അനുവദിക്കാത്തതിന് കാരണം എന്തെന്ന് വിശദമാക്കാമോ; വിദ്യാഭ്യാസ അവകാശ നിയമപ്രകാരവും കെ.ഇ.ആർ. പ്രകാരവുമുള്ള തസ്തിക നിർണ്ണയം അനിശ്ചിതമായി നീണ്ടുപോകുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | 2023-24 വർഷത്തെ അധിക തസ്തികകൾ ഒഴിച്ചുള്ളവയുടെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. അധിക തസ്തികകൾ അനുവദിക്കുന്ന വിഷയം സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു. |
| (ബി) | 2023-24 വർഷത്തെ യു.പി.എസ്.ടി. അധ്യാപക തസ്തിക നിർണ്ണയ പ്രകാരം പൊതുവിദ്യാലയങ്ങളിൽ എത്ര അധിക തസ്തികയാണ് ആവശ്യമുള്ളതെന്നും അതിന്റെ ജില്ല തിരിച്ചുള്ള കണക്കും വ്യക്തമാക്കാമോ; | (ബി) | പരിശോധിച്ചുവരുന്നു. |
| (സി) | 2024-25 വർഷം ആരംഭിച്ചിട്ടും എന്തുകൊണ്ടാണ് ഇതുവരെയും 2023-24 വർഷത്തെ യു.പി.എസ്.ടി.യുടെ അധിക തസ്തികകൾ അനുവദിക്കാത്തതെന്ന് വിശദമാക്കാമോ; ആവശ്യത്തിന് വിദ്യാർത്ഥികൾ ഉണ്ടായിട്ടും യു.ഐ.ഡി. പോലുള്ള സാങ്കേതിക പ്രശ്നം പറഞ്ഞ് തസ്തിക അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | 2023-24 വർഷത്തെ യു.പി.എസ്.ടി.യുടെ അധിക തസ്തികകൾ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. കെ.ഇ.ആർ അധ്യായം XXIII ചട്ടം 12(1) പ്രകാരം 6-ാം അദ്ധ്യയന വർഷത്തെ യു.ഐ.ഡി യുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് തസ്തിക നിർണ്ണയം നടത്തേണ്ടത്. |
| (ഡി) | ആവശ്യത്തിന് അധ്യാപകർ ഇല്ലാത്തതും ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത മൂലവും പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം കഴിഞ്ഞ വർഷങ്ങളിൽ തുടർച്ചയായി കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | 2024-25 വർഷത്തെ തസ്തിക നിർണയം എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ? | (ഇ) | ചട്ടപ്രകാരം അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ